**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5196** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷി ഭൂമി കണ്ടൽക്കാടായി മാറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭൂമികൾ തരിശായിക്കിടന്ന് കണ്ടൽക്കാടുകളായി രൂപാന്തരം പ്രാപിക്കുന്നത് തടയാൻ കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | പ്രാദേശിക തലത്തിൽ ഓരോ വാർഡുകളിലും തരിശായി കിടക്കുന്നതും എന്നാൽ കൃഷിയോഗ്യമായതുമായ ഭൂമികൾ കണ്ടെത്തി അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുവാൻ കൃഷി ഭവനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകം തരിശു നിലത്തിൽ കൃഷി പ്രോത്സാഹിപ്പികൽ ആയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്.<br><br>കൃഷി സമൃദ്ധി പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ തരിശുഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി "നാവോ-ധൻ" പദ്ധതി നടപ്പിലാക്കി തുടങ്ങി.<br><br>2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' (Crop diversification, intensification & introduction) എന്ന പദ്ധതിയിലും തരിശ്ശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപകർഷകനും 5000 രൂപ |

| | | | |
|---|---|---|---|
| | | | ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>തരിശു നിലങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള ഭ്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. |

സെക്ഷൻ ഓഫീസർ